LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെൽ കൃഷി വ്യാപകമാക്കുന്നതിനായി കൃഷി വകുപ്പ്, സുസ്ഥിര നെൽ കൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായവും അടിസ്ഥാന സൗകര്യ വികസനവും, തരിശ്ശു നില നെൽ കൃഷി വികസനം എന്നീ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് 2014-15 വർഷത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനുസരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു. നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ആർ.കെ.വി.വൈ. പൊക്കാളി നെൽ കൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽ കൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനും പുറമേ കോൾമേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നെൽ കൃഷി വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു.

(ബി&സി) സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന് മുൻകൂർ പണം നൽകുമെന്ന് വാഗ്ദാനം നൽകിയതായി അറിവില്ല.

(ഡി) ഫെബ്രുവരി 15-ന് മുമ്പ് സംഭരിച്ച നെല്ലിന്റെ താങ്ങുവില മുഴുവനായും നൽകിയിട്ടുണ്ട്. ഫെബ്രുവരി 15-ന് ശേഷം സംഭരിച്ച നെല്ല് വിലയായ 98.17 കോടി രൂപയാണ് നെൽ കർഷകർക്ക് നൽകുവാനുള്ളത്.

നെൽ കൃഷി വ്യാപകമാക്കുന്നതിന് നടപടി

155 (1569) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽ കൃഷി വ്യാപകമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) നെൽ കർഷകർക്ക് വകുപ്പ് നൽകുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെൽ കൃഷി വ്യാപകമാക്കുന്നതിനായി കൃഷി വകുപ്പ്, സുസ്ഥിര നെൽ കൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായവും അടിസ്ഥാന സൗകര്യ വികസനവും, തരിശു നില നെൽ കൃഷി വികസനം എന്നീ നെൽ കൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് 2014-15 വർഷത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനുസരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു. നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ആർ.കെ.വി.വൈ. പൊക്കാളി നെൽ കൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽ കൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനും പുറമേ കോൾമേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നെൽകൃഷി വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു.

(ബി) നെൽ കർഷകർക്ക് കൃഷി വകുപ്പ് നൽകുന്ന സൗജന്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പത്തിയൂർ കൃഷി ആഫീസ്

156 (1570) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തിയൂർ കൃഷി ആഫീസിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ അഞ്ച് കൃഷി ഓഫീസർമാരാണ് മാറിവന്നത് എന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പത്തിയൂർ കൃഷി ആഫീസിൽ നിലവിൽ കൃഷി ആഫീസർ ഇല്ലാത്തതിനാൽ അടിയന്തരമായി കൃഷി ആഫീസറെ നിയമിക്കുന്നതിനും സ്ഥിരമായി കൃഷി ആഫീസറുടെ സേവനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.